# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ 308**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ലോകമെങ്ങും ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ വിളിക്കപ്പെട്ടിരിക്കുന്ന വിശ്വാസ സമൂഹമാണ് സഭ. ദൈവത്തോടും വചനത്തോടുമുള്ള ബന്ധത്തിൽ കാലീകമായ സുവിശേഷ ദൗത്യം നിർവ്വഹിക്കുന്നതാണ് സഭയുടെ ധർമ്മം. പൗലോസ് ശ്ലീഹാ ഗലാത്യ സഭയോട് പറഞ്ഞതുപോലെ (ഗലാ 3:27–28) ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏററിരിക്കുന്ന നാം എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. ......... ക്രിസ്തു യേശുവിൽ നാം എല്ലാവരും ഒന്നത്രേ. ദൈവ സൃഷ്ടിയായ മനുഷ്യരെ തുല്ല്യരായി കാണുന്നതിനും തുല്ല്യ നീതി ഉറപ്പുവരുത്തുന്നതിനും എല്ലാവരാലും തള്ളപ്പെട്ടവരെ ഉൾക്കൊള്ളുന്നതിനും നമുക്ക് സാധിക്കണം. ഇത്തരത്തിലുള്ള സാമൂഹിക അവഗണനയ്ക്കും തിരസ്കരണത്തിനും പാത്രീഭുതരായവരത്രേ ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിലെ ജനങ്ങൾ.

ജനനസമയത്ത് ആണെന്നോ പെണ്ണെന്നോ നിർണ്ണയിക്കപ്പെട്ട ഇവർക്ക് അതേ നിലയിൽ തുടരുന്നതിന് മനസ്സ് പ്രേരണ നല്കുന്നില്ല. ചുരുക്കത്തിൽ മനസ്സിനിണങ്ങാത്ത ശരീരത്തിൽ കുടുങ്ങിപ്പോയവരാണിവർ. (Trapped in the wrong body) ഇങ്ങനെയുള്ളവരെ ശിഖണ്ഡികൾ എന്നോ ഷണ്ഡന്മാർ എന്നൊക്കെ വിളിച്ചിരുന്നെങ്കിലും ട്രാൻസ്ജെൻഡേഴ്സ് എന്ന പദമാണ് സ്വീകാര്യമായിട്ടുള്ളത്. മറെറല്ലാവരേയും പോലെ മാതാപിതാക്കളാൽ ഭവനത്തിൽ ജനിച്ചു വളർത്തപ്പെടുന്ന ഇവർ പഠന കേന്ദ്രത്തിലും ദേവാലയങ്ങളിലും മററ് സാമൂഹികയിടങ്ങളിലും മററുള്ളവരുടെ പരിഹാസത്തിന് വിഷയീഭവിക്കുന്നു. തന്മൂലം പഠന കാലഘട്ടത്തിൽ തന്നെ പലായനങ്ങളിൽ ഏർപ്പെടുന്നു. സ്വന്തം മാതാപിതാക്കളിൽ നിന്നും സഹോദരങ്ങളിൽ നിന്നും തികഞ്ഞ അവജ്ഞയും അവഗണനയും പേറുന്നവരാണിവർ. ചെറുപ്രായത്തിൽ തങ്ങളുടെ മനസ്സാഗ്രഹിക്കുന്ന വ്യക്തിയായി വേഷം ധരിക്കുന്നതിനോ സമൂഹത്തിൽ ഇടപെടുന്നതിനോ സാധിക്കാതെ സമൂഹം കല്പിക്കുന്ന സ്വത്ത്വത്തിൽ നിർബന്ധിതമായി ഒതുങ്ങിക്കഴിയേണ്ടുന്ന ദുരവസ്ഥയും ഇവർക്കുണ്ട്. പലരും സ്വാതന്ത്ര്യത്തിനും സ്വന്ത സ്വത്ത്വപ്രകാശനത്തിനും തങ്ങളെപ്പോലെ ഉള്ള ആളുകൾ കൂടി നടക്കുന്ന സമൂഹത്തിൽ എത്തപ്പെടുന്നു. നാം കേട്ടിട്ടുള്ള ഹിജഡ പോലെയുള്ള കർക്കശ സമൂഹത്തിൽ അകപ്പെട്ടുകഴിഞ്ഞാൽ, പിന്നെ ഭിക്ഷാടനവും ലൈംഗീകത്തൊഴിലും നടത്തി ഉപജീവിക്കുവാൻ ഇവർ വിധിക്കപ്പെടുന്നു.

നമ്മുടെ സഹജീവികളായി, മനുഷ്യരായി പിറന്നവർ ജന്മനാ ലഭിച്ച ചില പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ എങ്ങനെ മനുഷ്യരല്ലാതാവും?. ആണെന്നും പെണ്ണെന്നും നാം മനുഷ്യരെ തിരിച്ചു നിർത്തുമ്പോൾ അതിനപ്പുറത്തും മനുഷ്യരുണ്ടെന്ന് നാം ഗ്രഹിക്കേണ്ട യിരിക്കുന്നു. ഇങ്ങനെ ഒരു കുട്ടി നാളെ നമ്മുടെ ഭവനത്തിലും ജനിക്കപ്പെടാം എന്ന ചിന്തയും നമ്മിൽ ഉണ്ടാകണം. ഇന്ന് ഭാരതത്തിൽ ഇവർ 5 ലക്ഷത്തോളവും കേരളത്തിൽ 40,000 പേരും ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

മാർത്തോമ്മാ സഭാംഗമായ ഒരു ട്രാൻസ്ജെൻഡർ തന്റെ തിക്താനുഭവങ്ങൾ വിവരിച്ചു കൊണ്ട് ഡൽഹിയിൽ വെച്ച് നമ്മുടെ മുമ്പിൽ വന്നത് നാം ഓർത്തുപോകുന്നു. അവർക്ക് തിരികെ മലയാളമണ്ണിൽ വരണമെന്ന് ആഗ്രഹമുങ്കിലും ഉററവരും സഭയും സ്വീകരിക്കുമോ എന്ന ആശങ്കയും പങ്കു വെയ്ക്കുകയുണ്ടായി.

നമ്മുടെ വലിയ മെത്രാപ്പോലീത്ത തിരുമേനിയുടെ ജന്മശതാബ്ദിയുടെ ഭാഗമായി സഭ ഒരു പുത്തൻ ദൗത്യ മേഖലയിലേക്ക് കാൽ വെയ്ക്കണമെന്ന് ചിന്തിക്കുകയും ട്രാൻസ്ജെൻഡേർസിന്റെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് ഒരു പദ്ധതി ഉണ്ടാകണമെന്ന് ആഗ്രഹിച്ചതിന്റെയും ഫലമായി 2017 ഏപ്രിൽ 27 ന് നവോദയ മൂവ്മെന്റ് ഫോർ ദ ട്രാൻസ്ജെൻഡേർസ് കമ്മ്യൂണിററി: മാർ ക്രിസ്സോസ്റ്റം ബർത്ത് സെന്റിനറി പ്രോജക്ട് മാർത്തോമ്മാ ചർച്ച്, എന്ന ഒരു പദ്ധതി ഔദ്യോഗികമായി പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സഭാ കൗൺസിലിൽ നിന്ന് ഒരു സമിതിയെയും സഹായത്തിന് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ സംരംഭത്തിന് ഒരു താല്കാലിക ആഫീസ് സഭാ ആഫീസുമായി ബന്ധപ്പെട്ട് ക്രമീകരിക്കുവാനും നിർദ്ദേശിച്ചിട്ടു ണ്ട്.

ട്രാൻസ്ജൻഡേർസ് പ്രൊജക്ററുമായി ബന്ധപ്പെട്ട ബോധവൽക്കരണ സമ്മേളനങ്ങൾ, നമ്മുടെ വൈദീക സെമ്മിനാരി ഉൾപ്പെടെ 7 ഇടങ്ങളിൽ ഇതിനോടകം നടന്നു കഴിഞ്ഞു. കേരളത്തിലും പുറത്തുമായി 4 സമ്മേളനങ്ങൾ കൂടി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. മുമ്പൊരിക്കൽ 'താരക' യിൽ നാം എഴുതിയപൊലെ ചെങ്ങന്നൂരുള്ള നമ്മുടെ സ്ഥലം  സമസൃഷ്ടങ്ങളായ ട്രാൻസ്ജെൻഡേർസ് സഹോദരങ്ങളോടുള്ള നമ്മുടെ കടമ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടായി പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ഒരു ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സെന്റർ, വൊക്കേഷണൽ ട്രയിനിംഗ് സെന്റർ, മീററിംഗ് ഹാൾ, പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി ഒരു ചാപ്പൽ എന്നിവ ഉടനെ ആവശ്യമായി വരുന്നു. കൂടതെ ഈ സെന്ററുകളുടെ നേതൃത്ത്വത്തിൽ ട്രാൻസ്ജെൻഡേർസിന്റെ ഇടയിലും സ്കൂളുകളിലും പൊതു ഇടങ്ങളിലും ബോധവത്കരണ പരിപാടികളും ട്രാൻസ്ജെഡേർസിന്റെ ഉന്നമനം ലക്ഷ്യമാക്കിയുള്ള കൂടുതൽ പദ്ധതികളും നടപ്പാക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ മുൻ നിർത്തി ഒരു കോടി രൂപ വരവും ചെലവും പ്രതീക്ഷിച്ചുള്ള ഒരു ബഡ്ജററും മണ്ഡലം പാസ്സാക്കിയിട്ടുണ്ട്. ഈ ധനസമാഹരണത്തിൽ നിങ്ങളോരോരുത്തരം ഉത്സാഹപൂർവ്വം പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കട്ടെ. നമ്മോടൊപ്പം ഭാഗ്യവാന്മാരല്ലാതെ കഴിയേണ്ടിവരുന്ന ട്രാൻസ്ജെൻഡേർസിന്റെ ഉന്നമനത്തിന് നമുക്ക് ഒരുമിച്ച് മുന്നേറാം.
വിശുദ്ധ വേദപുസ്തകം യെശയ്യാ ദീർഘദർശിയിലൂടെ പറയുന്ന വാക്കുകൾ എത്ര ശ്രദ്ധേയമാണ്. ഒരു ഷണ്ഡനും ഞാൻ ഇനി ഒരു ഉണങ്ങിയ വൃക്ഷം എന്ന് പറയരുത്............. ഞാൻ അവർക്ക് എന്റെ ആലയത്തിലും എന്റെ മതിലകങ്ങളിലും പുത്രീപുത്രന്മാരെക്കാൾ വിശേഷമേറിയ ഒരു ജ്ഞാപകവും നാമവും കൊടുക്കും. (യെശ: 56.3–5) ശ്ലീഹന്മാരുടെ പ്രവർത്തികളിൽ സൂചിപ്പിക്കുന്ന എത്യോപ്യക്കാരനായ ഷണ്ഡനെ രൂപാന്തരപ്പെടുത്തുവാൻ വേണ്ടി മാത്രം ഫീലിപ്പോസിനെ അയയ്ക്കുന്ന ദൈവത്തെയും നമുക്ക് ഓർക്കാം. ദൈവം ഭരമേല്പ്പിച്ചിരിക്കുന്ന  ഈ വലിയ കർത്തവ്യം ക്രിസ്തുവിൽ നമുക്ക് ശക്തിപ്പെടുത്താം.

കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2018 മാർച്ച് 16-ാം തീയതി,



ഡോ. ജോസഫ്  മാർത്തോമ്മാ മെത്രാപ്പോലീത്താ